# പതിനാലാം കേരള നിയമസഭ
# (പതിമൂന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3407** **10.12.2018-ൽ മറുപടിയ്ക്ക്**

## മത്സ്യമേഖലയിലെ പുതിയ നിയമനിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീമതി . സി.കെ. ആശ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യ ലേലവും കച്ചവടവും നിയന്ത്രിക്കുവാനും മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായുള്ള നിയമനിർമ്മാണത്തിൽ മത്സ്യ കച്ചവടത്തിൽ മത്സ്യത്തൊഴിലാളിക്ക് ന്യായവില ഉറപ്പാക്കുന്ന സംവിധാനം കൊണ്ടുവരുമോ; വ്യക്തമാക്കുമോ; | എ) അതെ. മത്സ്യലേലം, മത്സ്യവിപണനം, ഗുണനിലവാര പരിപാലനം നിയമം പ്രാബല്യത്തിൽ വരുന്നതോടെ ലേല ക്കാരുടെ ചൂഷണം ഒഴിവാക്കുവാനും ലേല പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്ന തിനും കഴിയും. ഇതിലൂടെ മത്സ്യത്തൊഴിലാളി കൾക്ക് മത്സ്യത്തിന് ന്യായവില ലഭ്യമാകുന്നതാണ്. |
| ബി) ഫിഷ് ലാൻഡിംഗ് സെന്റർ, ഫിഷിംഗ് ഹാർബർ, ഫിഷ് മാർക്കറ്റ് എന്നിവിടങ്ങളിൽ നടക്കുന്ന പ്രവൃത്തികളെ നിയന്ത്രിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥകൾ ഉണ്ടാകുമോ; വിശദമാക്കുമോ; | ബി) ഉണ്ട്. മത്സ്യലേലം, മത്സ്യവിപണനം, ഗുണനിലവാര പരിപാലനം നിയമം പ്രാബല്യത്തിൽ വരുന്നതോടെ ഫിഷിംഗ് ഹാർബർ, ഫിഷ് ലാന്റിംഗ് സെന്റർ, ഫിഷ് മാർക്കറ്റ് എന്നിവിടങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റേയും, മത്സ്യഫെഡ്, ഫിഷറീസ് വകുപ്പ്, ട്രേഡ് യൂണിയൻ നേതാക്കൾ തുടങ്ങിയവയുടെ പ്രതിനിധികൾ ഉൾപ്പെട്ട ജനകീയ മാനേജ്മെന്റ് സൊസൈറ്റികൾ പ്രവർത്തനം ആരംഭിക്കുന്നതാണ്. മാനേജ്മെന്റ് സൊസൈറ്റികൾ പ്രവർത്തന ക്ഷമമാകുന്ന തോടെ ഇടനിലക്കാരുടെയും കമ്മീഷൻ ഏജന്റുമാരുടെയും അനാവശ്യ ഇടപെടലു കളും ചൂഷണവും ഒഴിവാക്കി ഇവിടങ്ങളിലെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ശുചിത്വ പൂർണ്ണമായ അന്തരീക്ഷം ഉറപ്പാക്കുന്നതിനും കഴിയും. |
| സി) മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി പ്രസ്തുത | സി) മത്സ്യം കൈകാര്യം ചെയ്യുന്ന കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പാക്കുന്നതിനും മത്സ്യം ശീതികരണത്തിന് ഉപയോഗിക്കുന്ന |

| | |
|---|---|
| നിയമത്തിൽ ഏതെല്ലാം തരത്തിലുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുമെന്ന് അറിയിക്കുമോ? | ഐസിന് ഗുണനിലവാരം ഉറപ്പാക്കുന്നതിനും കരട് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മത്സ്യ ഉല്പ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കി സാക്ഷ്യ പത്രം നൽകുന്നതിനും കരട് നിയമം വ്യവസ്ഥ ചെയ്യുന്നു. കരട് നിയമത്തിൽ മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റികൾ രൂപീകരിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനു പുറമേ മത്സ്യത്തിൽ മാരക വിഷവസ്തുക്കൾ ചേർത്ത് ഭക്ഷ്യയോഗ്യമല്ലാതാകുകയോ നിലവാര താഴ്ച്ചയുണ്ടാക്കുകയോ ചെയ്താൽ അവർക്കെതിരെ ശിക്ഷാ നടപടിക്കും വ്യവസ്ഥയുണ്ട്. |

**സെക്ഷൻ ആഫീസർ**